LIBRARY ARCHIVES Kerala Legislative Assembly

ചന്ദ്രബോസിന്റെ കൊലപാതകം

216 (222) ശ്രീ. മാത്യു റ്റി. തോമസ് :
ശ്രീ. ജോസ് തെറ്റയിൽ :
ശ്രീ. സി. കെ.നാണു :
ശ്രീമതി ജമീലാ പ്രകാശം : താഴെ കാണുന്ന ചോദ്യങ്ങൾക്ക് ആഭ്യന്തരവും വിജിലൻസും വകുപ്പുമന്ത്രി സദയം മറുപടി നൽകുമോ :

(എ) തൃശ്ശൂരിൽ ചന്ദ്രബോസിനെ മൃഗീയമായ രീതിയിൽ കൊലപ്പെടുത്തുന്നതിന് നേതൃത്വം നൽകിയ നിസ്സാമിന്റെ പേരിൽ എത്ര കേസ്സുകളാണ് നേരത്തേ ചാർജ്ജ് ചെയ്യപ്പെട്ടിരുന്നത് ;

(ബി) അവ സംബന്ധിച്ച വിശദാംശങ്ങളും ആ കേസുകളുടെ ഇപ്പോഴത്തെ സ്ഥിതിയും എന്തെന്ന് വ്യക്തമാക്കാമോ ;

(സി) നേരത്തേ ചാർജ്ജ് ചെയ്യപ്പെട്ട കേസുകളുടെ ചാർജ്ജ് ഷീറ്റുകളുടെ പകർപ്പുകൾ സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ;

(ഡി) ചന്ദ്രബോസിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള FIR-ന്റെ പകർപ്പും അത് സംബന്ധിച്ച് നാളിതുവരെ കോടതിക്ക് സമർപ്പിച്ചിട്ടുള്ള റിപ്പോർട്ടുകളുടെ പകർപ്പും സഭയുടെ മേശപ്പുറത്ത് വയ്ക്കാമോ ?

ഉത്തരം

(എ&ബി) ചന്ദ്രബോസ് കൊലക്കേസിലെ പ്രതിയായ മുഹമ്മദ് നിഷാമിനെതിരെ ടി കൊലക്കേസിന് പുറമെ 13 കേസുകൾ കൂടി രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നു. കേസ്സുകളുടെ ഇപ്പോഴത്തെ സ്ഥിതിയും വിശദാംശങ്ങളും ഇതോടൊപ്പം അനുബന്ധം -I ആയി ചേർത്തിട്ടുണ്ട്.* ഇതിനുപുറമെ ടിയാനതിരെ കണ്ണൂർ ജില്ലയിലെ പഴയങ്ങാടി പോലീസ് സ്റ്റേഷനിൽ ക്രൈം നമ്പർ 357/2013 u/s 66(A) (b) of IT (Amendment) Act & 506 IPC പ്രകാരം ഒരു കേസ് രജിസ്റ്റർ ചെയ്തിട്ടുണ്ടായിരുന്നു. പ്രസ്തുത കേസിന്റെ പ്രഥമ വിവര റിപ്പോർട്ട് ബഹുമാനപ്പെട്ട കേരള ഹൈക്കോടതി 18-9-2014-ൽ ക്വാഷ് ചെയ്തിട്ടുണ്ട്.

(സി) ടിയാനെതിരെ കോടതിയിൽ കുറ്റപത്രം സമർപ്പിച്ചിട്ടുള്ള 5 കേസുകളിലെ കുറ്റപത്രത്തിന്റെ പകർപ്പ് ഇതോടൊപ്പം അനുബന്ധം -II* ആയും കുറ്റപത്രത്തിന്റെ പകർപ്പ് നൽകാൻ സാധിക്കാത്ത കേസുകളുടെ വിവരങ്ങൾ ഇതോടൊപ്പം അനുബന്ധം -III ആയും ചേർത്തിട്ടുണ്ട്.*

(ഡി) ചന്ദ്രബോസിന്റെ കൊലപാതകവുമായി ബന്ധപ്പെട്ട് രജിസ്റ്റർ ചെയ്തിട്ടുള്ള എഫ്.ഐ.ആർ-ന്റെ പകർപ്പും കോടതിയിൽ നൽകിയിട്ടുള്ള അനുബന്ധരേഖകളും ഇതോടൊപ്പം അനുബന്ധം - IV ആയി ചേർത്തിട്ടുണ്ട്.*

---

* ലൈബ്രറിയിൽ വച്ചിട്ടുണ്ട്.